## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.736**

**04.03.2020 -ൽ മറുപടിയ്ക്ക്**

## കാട്ടുതീ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ജെ. മാക്സി : | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വേനലിന്റെ കാഠിന്യം മൂലം കൂടെക്കൂടെയുണ്ടാകുന്ന കാട്ടുതീ തടയുവാനും, മനുഷ്യരേയും വനത്തിലെ മൃഗങ്ങളുൾപ്പെട്ട ജീവജാലങ്ങളേയും, പച്ചപ്പുകളേയും കാട്ടുതീയിൽ നിന്നും സംരക്ഷിക്കുവാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കാമോ ;

(എ) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച് / വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽ നിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽ നിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും

ഫയർസെൽ പ്രവർത്തിച്ചു വരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിറുത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) / വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോട്ടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ഇത്തരം കാട്ടുതീ വിപത്തുകൾ സംസ്ഥാനത്തെ വനമേഖലയേയും അതോടൊപ്പമുള്ള മനുഷ്യവാസ മേഖലയേയും എങ്ങനെയെല്ലാം ബാധിച്ചുവെന്നും എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്ര വനമേഖലയുൾപ്പെടെ മനുഷ്യവാസ മേഖല കത്തിനശിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ 2020 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ഏകദേശം 6437.291 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. മനുഷ്യവാസ മേഖലയെ കാട്ടുതീ ബാധിച്ചിട്ടില്ല. ഉണങ്ങിയ പുൽമേട്ടുകളും അടിക്കാടുകളും മാത്രം കത്തി നശിച്ചതിനാലും തുടർന്ന് വരുന്ന കാലവർഷത്തിൽ ടി മേഖലയിൽ വീണ്ടും പുല്ലുകൾ കിളിർത്ത് പൂർവ്വ സ്ഥിതിയിൽ ആകുന്നതിനാലും വനത്തിനോ വന്യജീവികൾക്കോ മറ്റ് നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലയളവിലുണ്ടായ ഇത്തരം കാട്ടുതീ വിപത്തുകൾ മൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ 28.02.2020 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ഏകദേശം 6437.291 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഇതുമൂലം മൂന്ന് പേർ മരണപ്പെടുകയുണ്ടായി. |

Praveen

സെക്ഷൻ ഓഫീസർ